# കേരള സർവകലാശാല

നം. പി.ആർ.053/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### കരിക്കുലം ഫെയർ–2017

കേരള സർവകലാശാല കരിക്കുലം ഡെവലപ്മെന്റ് സെന്ററിന്റേയും ഐ.ക്യു.എ.സി.യുടേയും ആഭിമുഖ്യത്തിൽ മാർച്ച് 15,16 തീയതികളിൽ കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് 'കരിക്കുലം ഫെയർ–2017' നടത്തുന്നു. കരിക്കുലത്തിലെ പുതുമയാർന്ന സമീപനങ്ങളുടെ പോസ്റ്റർ മാധ്യമത്തിലുള്ള ദൃശ്യാവിഷ്കരണമാണ് കരിക്കുലം ഫെയറിൽ ഉദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിൽ പ്രാവർത്തികമാക്കിയിട്ടുള്ള ഏറ്റവും നല്ല രീതികളോ പരീക്ഷിക്കപ്പെടേണ്ടതായിട്ടുള്ളവയോ അദ്ധ്യാപകർക്ക് ഫെയറിൽ പ്രദർശിപ്പിക്കാവുന്നതാണ്. മാർച്ച് 13 വരെ ഇതിലേയ്ക്കുള്ള എൻട്രികൾ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – 94470 43489, ഡോ. ആശ ജെ.വി.,അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷൻ, കേരള സർവകലാശാല.

### എം.ബി.എൽ വാചാ പരീക്ഷ

കേരള സർവകലാശാല 2016 ഒക്ടോബറിൽ നടത്തിയ ആറാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയുടെ വാചാ പരീക്ഷ മാർച്ച് 23 ന് രാവിലെ പത്ത് മണി മുതൽ സർവകലാശാല ആസ്ഥാനത്തിൽ നടത്തും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.സി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല ജനുവരി 2017–ൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.സി.എ (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച്–17 മുതൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2016 ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ സോഷ്യോളജി പ്രീവിയസ്, ഫൈനൽ (റഗുലർ/ റീ അപ്പിയറൻസ്) പരീക്ഷകളുടെ മാർക്ക്ലിസ്റ്റുകൾ മാർച്ച് 13, 14 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്ന് ഹാൾടിക്കറ്റും, ഡ്രിഗി സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കി കൈപ്പറ്റണം.

### എം.ടെക് പരീക്ഷ

കേരള സർവകലാശാല 2017 ഏപ്രിലിൽ നടത്തുന്ന എം.ടെക് ഒന്നാം സെമസ്റ്റർ (ഫുൾ ടൈം & പാർട്ട് ടൈം, 2013 സ്കീം, സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ (പാർട്ട് ടൈം, 2013 സ്കീം, സപ്ലിമെന്ററി) പരീക്ഷകൾക്ക് മാർച്ച് 18 (50 രൂപ പിഴയോടെ മാർച്ച് 21, 250 രൂപ പിഴയോടെ മാർച്ച് 23) വരെ ഫീസൊടുക്കി ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.പ്ലാൻ, എം.ആർക് പരീക്ഷ

കേരള സർവകലാശാല 2017 ഏപ്രിലിൽ നടത്തുന്ന എം.പ്ലാൻ, എം.ആർക്ക് ഒന്നാം സെമസ്റ്റർ (2013 സ്കീം, സപ്ലിമെന്ററി), പരീക്ഷകൾക്ക് മാർച്ച് 18 (50 രൂപ പിഴയോടെ മാർച്ച് 21, 250 രൂപ പിഴയോടെ മാർച്ച് 23) വരെ ഫീസൊടുക്കി ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എം.-എം.എ.എം. പരീക്ഷ

കേരള സർവകലാശാല 2017 ഏപ്രിലിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.എം. -എം.എ.എം. പരീക്ഷകൾക്ക് മാർച്ച് 17 (50 രൂപ പിഴയോടെ മാർച്ച് 20, 250 രൂപ പിഴയോടെ മാർച്ച് 21) വരെ ഫീസൊടുക്കി ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
10.03.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098